പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3572 — 25.06.2013 ൽ മറുപടിക്ക്

# കാർഷികാവശ്യത്തിന് വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിന് അപേക്ഷകൻ സർവ്വീസ് കണക്ഷനുള്ള അപേക്ഷയോടൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബിൽഡിംഗ് നമ്പർ അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷി ഓഫീസറിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ്, സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള നദി, കനാൽ, കുളം എന്നിവയിൽ നിന്ന് വെള്ളംപമ്പ് ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള അനുവാദം, തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്. വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള ചെലവ് അടയ്ക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്. |

(...2)

| | |
|---|---|
| (ബി) കാർഷിക വൈദ്യുത കണക്ഷന് (ബി) നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | 04.02.1999 ലെ സർക്കാർ ഉത്തരവനുസരിച്ച് 25.02.1999 ൽ പുറപ്പെടുവിച്ചിട്ടുള്ള ബോർഡുത്തരവ് പ്രകാരം 01.08.1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായും (കൃഷി ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ) വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്. 01.04.1997 മുതൽ രണ്ട് ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷിക വിളകൾക്കും കൂടി മുൻകാല പ്രാബല്യത്തോടെ വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്. എന്നാൽ കണക്ഷൻ ലഭിക്കുന്നതിനുള്ള ഏതെങ്കിലും ചാർജ്ജോ, ഫീസോ ഉണ്ടെങ്കിൽ അതും സെക്യൂരിറ്റി ഡെപ്പോസിറ്റും കർഷകർ വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ടതാണ്. കൃഷി ഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കാർഷിക ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് കൃഷിഭവൻ വഴി സംസ്ഥാന സർക്കാർ വൈദ്യുതി ബോർഡിന് നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് കാർഷികാവശ്യങ്ങൾക്ക് സബ്സിഡൈസ്ഡ് നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിലവിൽ കാർഷിക ആവശ്യങ്ങൾക്ക് അംഗീകരിച്ച നിരക്ക് ഒരു രൂപ അമ്പതു പൈസയാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്ന് മുതലും 2013 മെയ് ഒന്ന് മുതലും പ്രാബല്യത്തിൽ വരുത്തിയ ചാർജ്ജ് വർദ്ധനവിൽ നിന്ന് കാർഷിക ഉപഭോക്താക്കളെ സംസ്ഥാന സർക്കാർ സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. അതായത് ഈ ഉപഭോക്താക്കൾക്ക് 2012 ജൂലൈ ഒന്നാം |

(. . . . 3)

| | |
|---|---|
| | തീയതിക്കു മുമ്പുള്ള 65 പൈസ നിരക്കാണ് ഇപ്പോഴും ഈടാക്കുന്നത്. |
| [illegible] കാർഷിക വൈദ്യുത കക്ഷനകൾ(സി) നിലവിലുള്ളിടങ്ങളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് കണക്ഷൻ നൽകുന്നതിന് വേണ്ട പ്രവൃത്തി ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള ചെലവ് അടയ്ക്കുന്ന മുറയ്ക്ക് ഗാർഹിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ